"ഭരണഭാഷ മാതൃഭാഷ"

# കേരള പൊതുമരാമത്ത് വകുപ്പ്

**തിരുവനന്തപുരം, പൊതുമരാമത്ത് വകുപ്പ് ഭരണ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ സീനിയർ ഭരണ കാര്യസ്ഥന്റെ നടപടി ക്രമങ്ങൾ**

( ഹാജർ : എം.കെ. മോഹനകുമാർ)

വിഷയം: പൊ.മ.വ- ജീവനക്കാര്യം - ശ്രീ. പി. സതീഷ്കുമാർ, ഹെഡ് ക്ലാർക്കിനെ അന്വേഷണ വിധേയമായി സ്ഥലം മാറ്റി നിയമിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്.

പരാമർശം: 1. 23.01.2016 ലെ ശ്രീമതി. ബീ. ഷീല, ഭരണസഹായിയുടെ പരാതി.
2. 25.01.2016 ലെ ഭരണ വിഭാഗം ജീവനക്കാരുടെ പരാതി.
3. ശ്രീമതി. എസ്. സുഷമാകുമാരി, ഹെഡ് ക്ലാർക്കിന്റെസ്ഥലമാറ്റത്തിനുള്ള അപേക്ഷ
4. 29/01/2016 - ലെ ഈ ഓഫീസ് ഉത്തരവ് നം.ഒ&എം.1-1528/2016

**ഉത്തരവ് നമ്പർ: ഇ.ഡി.2-129/2016 തീയതി 29/01/2016**

തിരുവനന്തപുരത്തെ പി.എം.ജിയിലുള്ള ഇലക്ട്രിക്കൽ ഡിവിഷൻ ആഫീസിലെ ഹെഡ് ക്ലാർക്കായ ശ്രീ. പി. സതീഷ്കുമാർ, ഭരണ സഹായി (മിനിസ്റ്റീരിയൽ) ന്റെ ക്യാബിനിൽ കയറി ഭരണ സഹായിയെ അസഭ്യം പറയുകയും, ഭീഷണിപ്പെടുത്തുകയും, മർദിക്കാൻ ശ്രമിക്കുകയും ചെയ്തതായി സൂചന (1) പ്രകാരം പരാതി ലഭിച്ചിട്ടുണ്ട്. സൂചന (2) പ്രകാരം ടി ആഫീസിലെ ജീവനക്കാരും ടി സംഭവം ശരിവച്ച് പരാതി നൽകിയിട്ടുണ്ട്.

മേൽപ്പടി സാഹചര്യത്തിൽ തിരുവനന്തപുരത്തെ ഇലക്ട്രിക്കൽ ഡിവിഷൻ ആഫീസിലെ ഹെഡ് ക്ലാർക്കായ ശ്രീ. പി. സതീഷ്കുമാറിനെ അന്വേഷണ വിധേയമായി ആലപ്പുഴ എൻ.എച്ച്. സബ് ഡിവിഷൻ ആഫീസിലേക്ക് സ്ഥലം മാറ്റിയും ടി ആഫീസിലെ ഹെഡ് ക്ലാർക്കായ ശ്രീമതി എസ്. സുഷമാ കുമാരിയെ തിരുവവനന്തപുരത്തെ ഇലക്ട്രിക്കൽ ഡിവിഷൻ ആഫീസിലേക്ക് മാറ്റിയും നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

മേൽ പരാതികളിൻമേലുള്ള അച്ചടക്ക നടപടികൾ തുടരുന്നതാണ്. ടി. ജീവനക്കാരെ അടിയന്തിരമായി വിടുതൽ ചെയ്യേണ്ടതും, വിടുതൽ, പ്രവേശന തീയതികൾ ഈ ഓഫീസിൽ അടിയന്തിരമായി അറിയിക്കേണ്ടതുമാണ്.

സീനിയർ ഭരണ കാര്യസ്ഥൻ

1. ശ്രീ. പി. സതീഷ്കുമാറിന് ( ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖന്തരം)
2. ശ്രീമതി. സുഷമാകുമാരിക്ക് (വെബ് സൈറ്റ് മുഖാന്തിരം)

പകർപ്പ്: 1. ഭരണ വിഭാഗം ചീഫ് എഞ്ചിനീയർക്ക്, / സീനിയർ ഭരണ കാര്യസ്ഥന് / പൊത‌ുമരാമത്ത് വകുപ്പ് വിജിലൻസ് വിഭാഗം ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർക്ക് / ഭരണ സഹായിക്ക് / എച്ച്. ആർ.ഡി. സെല്ലിന്.

2. ഐ.റ്റി.സെൽ /കരുതൽ ഫയൽ/അധിക പകർപ്പ്.